## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1040** **11-02-2025 - ൽ മറുപടിയ്ക്ക്**

## ജൽജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവർത്തനങ്ങളുടെ ലക്ഷ്യം, നിലവിലെ നിർവഹണ പുരോഗതി, പ്രതീക്ഷിക്കുന്ന പൂർത്തീകരണ തീയതി എന്നീ വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകുമോ? | (എ) | ജലജീവൻ മിഷനിലുൾപ്പെടുത്തി അരുവിക്കര നിയോജക മണ്ഡലത്തിലെ അരുവിക്കര, വെള്ളനാട്, ആര്യനാട്, ഉഴമലയ്ക്കൽ, കുറ്റിച്ചൽ, പൂവച്ചൽ, വിതുര, തൊളിക്കോട് എന്നീ 8 പഞ്ചായത്തുകളിലാണ് പ്രവൃത്തികൾ നടന്നു വരുന്നത്.<br><br>കുടിവെള്ള കണക്ഷൻ ഇല്ലാതിരുന്ന എല്ലാ ഗാർഹിക ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ നൽകുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്. കേന്ദ്ര സർക്കാർ പദ്ധതി കാലാവധി നിലവിൽ 2028 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത്തല വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1. അരുവിക്കരപഞ്ചായത്ത്**<br><br>അരുവിക്കര പഞ്ചായത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ 94% പൂത്തീകരിച്ചിട്ടുണ്ട്. വെള്ളൂർക്കോണം സമ്പ് 80% പൂർത്തിയായി.<br><br>**2. വെള്ളനാട് ഗ്രാമപഞ്ചായത്ത്**<br><br>വെള്ളനാട് പഞ്ചായത്തിൽ നിലവിൽ നടന്നു കൊണ്ടിരിക്കുന്ന പൈപ്പ് ലൈൻ സ്ഥാപിക്കൽ 85% ത്തോളം പൂർത്തിയായി. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.<br><br>**3&4 കുറ്റിച്ചൽ, പൂവച്ചൽ പഞ്ചായത്തുകൾ**<br><br>കുറ്റിച്ചൽ പഞ്ചായത്തിൽ 72 കി.മീ. ജലവിതരണ ശൃംഖല സ്ഥാപിക്കേണ്ടതിൽ 67 കി.മീ. ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്.<br><br>പൂവച്ചൽ പഞ്ചായത്തിൽ 120 കി.മീ. ജല വിതരണ ശൃംഖല സ്ഥാപിക്കേണ്ടതിൽ 110 കി. മീ. ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്. |

മണ്ണൂർക്കര തൊഴത്തിൻ കരചിറയിൽ 11.50 MLD യുടെ പ്ലാന്റിന്റെ പണികൾ പൂർത്തിയായി ശുദ്ധജലവിതരണം ഭാഗികമായി നടത്തി വരുന്നു. എന്നാൽ ട്രാൻസ്മിഷൻലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരൻ പണികൾ ആരംഭിക്കാത്തതു കാരണം ടി. പ്രവൃത്തി terminate ചെയ്യുകയും കരാറുകാരന്റെ നഷ്ടോത്തരവാദത്തിൽ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. ദർപ്പകാട് 8 ലക്ഷം ലിറ്റർ സംഭരണിയുടെ പണികൾ പൂർത്തീകരിച്ചു. പാറമുകൾ 6 ലക്ഷം ലിറ്റർ സംഭരണിയുടെ നിർമ്മാണം തുടങ്ങേണ്ടതുണ്ട്. വലിയവിള 6.10 ലക്ഷം ലിറ്റർ ടാങ്കിന്റെ പണികൾ അവസാന ഘട്ടത്തിലാണ്.

**<u>5 & 6 ആര്യനാട്, ഉഴമലയ്ക്കൽ പഞ്ചായത്തുകൾ</u>**

ആര്യനാട്, ഉഴമലയ്ക്കൽ പഞ്ചായത്തു കൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി 12 പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. ജല ശുദ്ധീകരണശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണം 43% പൂർത്തിയായി. കിണറിന്റെയും പമ്പ്ഹൗസിന്റെയും നിർമ്മാണം 63% പൂർത്തിയായി.

ആര്യനാട് പഞ്ചായത്തിലെ ജലവിതരണ ശൃംഖലകൾ 94% പൂർത്തിയായിട്ടുണ്ട്. ഉഴമലയ്ക്കൽ പഞ്ചായത്തിലെ ജലവിതരണ ശൃംഖലകൾ 60% പൂർത്തിയായി. ജലശുദ്ധീകരണശാലയിൽ നിന്നും ആര്യനാട് പഞ്ചായത്തിലെ ഉപരിതല ജലസംഭരണി കളിലെത്തിക്കുന്നതിനുള്ള പ്രധാന പൈപ്പ് ലൈൻ സ്ഥാപിക്കുന്ന രണ്ട് പാക്കേജുകളുടെ ദർഘാസ് ഉയർന്ന നിരക്കിൽ ക്വാട്ട് ചെയ്തിരുന്നതിനാൽ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ ഒരു പാക്കേജിന്റെ ദർഘാസ് നടപടി പുരോഗമിക്കുന്നു.

**<u>7. തൊളിക്കോട് ഗ്രാമപഞ്ചായത്ത്</u>**

തൊളിക്കോട് പഞ്ചായത്തിൽ 13 കി.മീ. ജലവിതരണ ശൃംഖല സ്ഥാപിക്കേണ്ട പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

**<u>8. വിതുര ഗ്രാമ പഞ്ചായത്ത്</u>**

ഏഴുപേർതാണകര പമ്പ് ഹൗസിൽ നിന്ന് റാ വാട്ടർ പമ്പ് ചെയ്തു ട്രീറ്റ് ചെയ്തു വാമനപുരം നദിക്കു സമീപമുള്ള 10 MLD യുടെ വാവുപുര ചെറ്റച്ചൽ പ്ലാന്റിൽ നിന്ന് വിതുര ഗ്രാമപഞ്ചത്തിലേക്ക് ജല വിതരണം നടത്തി വരുന്നു; പഞ്ചായത്ത് തല കണക്ഷൻ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| നമ്പർ | പഞ്ചായത്ത് | ഗാർഹിക കണക്ഷനുകളുടെ എണ്ണം | ഇതുവരെ നൽകിയ കണക്ഷനുകളുടെ എണ്ണം | ഇനി നല്കാനുള്ള കണക്ഷനുകൾ |
|---|---|---|---|---|
| 1 | അരുവിക്കര | 10729 | 10071 | 658 |
| 2 | ആര്യനാട് | 11602 | 4481 | 7121 |
| 3 | പൂവച്ചൽ | 13750 | 6593 | 7157 |
| 4 | ഉഴമലയ്ക്കൽ | 8131 | 3617 | 4514 |
| 5 | വെള്ളനാട് | 11966 | 9689 | 2277 |
| 6 | തൊളിക്കോട് | 9331 | 4701 | 4630 |
| 7 | വിതുര | 7752 | 5738 | 2014 |
| 8 | കുറ്റിച്ചൽ | 6865 | 2042 | 4823 |